ഉത്തരം

(എ) 27-11-2004-ന് ആർ.എസ്.പി.(ബി) നേതാവ് ശ്രീ. ബാബു ദിവാകരൻ ഗ്രൂപ്പിൽപ്പെട്ട ചാക്ക കെ.എസ്.ഇ.ബി. ജംഗ്ഷനിൽ റ്റി.സി. 31/1564-ൽ ചാക്കവിളാകത്ത് സുകുമാരൻ മകൻ രവീന്ദ്രനെ ആർ.എസ്.പി. (ബി) ശ്രീ. താമരാക്ഷൻ ഗ്രൂപ്പിൽപ്പെട്ട പ്രവർത്തകർ ചേർന്ന് പ്രിയദർശിനി ഹാളിന് സമീപം വച്ച് മർദ്ദിച്ച സമയം ടി സംഭവം ക്യാമറയിൽ പകർത്താൻ ശ്രമിച്ച കൈരളി ഫോട്ടോഗ്രാഫർ കുമാർ, എ.സി.വി. ഫോട്ടോഗ്രാഫർ അഭിലാഷ്, ജീവൻ ടി.വി. ഫോട്ടോഗ്രാഫർ സജി എന്നിവരെയും മറ്റും രവീന്ദ്രനെ മർദ്ദിച്ചവരും മറ്റും ചേർന്ന് മർദ്ദിക്കുകയുണ്ടായി. തുടർന്ന് ടി രവീന്ദ്രന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ഫോർട്ട് പോലീസ് സ്റ്റേഷനിൽ ക്രൈം 696/04 യു./എസ്. 143, 147, 148, 149, 341, 323, 324 ഐ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നടപടി കൈക്കൊണ്ടിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് സർവ്വശ്രീ. എ. വി. താമരാക്ഷൻ, പ്രേംസുധ, രാജശേഖരൻ നായർ, തോപ്പിൽ സായി, ചന്ദ്ര ബാബു, ഷിബു ബേബി ജോൺ, ഇസഹാക്ക്, സനൽകുമാർ, മെൽബിൽ ജോൺ ഗോമസ് ചെല്ലപ്പൻ, ഷിബു, മധുസൂദനൻ നായർ, രാധാകൃഷ്ണൻ, രവി എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) സെക്ഷൻ 143, 147, 148, 149, 341, 323, 324 ഐ.പി.സി.

(സി) അറസ്റ്റ് ചെയ്യപ്പെട്ടവർ ശ്രീ. എ. വി. താമരാക്ഷൻ നേതൃത്വം നൽകുന്ന ആർ.എസ്.പി. (ബി) പ്രവർത്തകരാണ്. ഇതിൽ ജനപ്രതിനിധി ശ്രീ. ഷിബു ബേബിജോൺ എം.എൽ.എ. ഉൾപ്പെടുന്നു.

(ഡി) കേസ് അന്വേഷണാവസ്ഥയിലാണ്.

പിൻവലിച്ച കേസ്സുകൾ

64 [69] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 ജനുവരി 15 വരെ യു.ഡിഎഫ്. പ്രവർത്തകർ പ്രതിയായിട്ടുള്ള എത്ര കേസ്സുകൾ പിൻവലിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഇതേ കാലയളവിൽ എൽ.ഡി.എഫ്. പ്രവർത്തകർ പ്രതികളായിട്ടുള്ള എത്ര കേസ്സുകൾ പിൻവലിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി ആന്റ് സി) പ്രോസിക്യൂഷൻ കേസ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ലഭിക്കുന്ന അപേക്ഷകളിൽ ബന്ധപ്പെട്ട സൂപ്രണ്ട് ഓഫ് പോലീസ്/ കമ്മീഷണർ ഓഫ് പോലീസ് നൽകുന്ന റിപ്പോർട്ടിന്റെ വെളിച്ചത്തിലും നിയമവകുപ്പിന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിലും പിൻവലിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

യോഗ്യമാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെടുന്ന കേസുകളാണ് ബന്ധപ്പെട്ട കോടതികളുടെ അനുമതിയോടും സി. ആർ. പി. സി. 321-ന് വിധേയമായും പിൻവലിക്കാൻ സർക്കാർ അനുമതി നൽകാറുള്ളത്. അപേക്ഷകരുടെ രാഷ്ട്രീയ പാർട്ടികളിലെ അംഗത്വവും, പാർട്ടിബന്ധവും പരിഗണിച്ചല്ല കേസ്സുകൾ പിൻവലിക്കുവാൻ നിർദ്ദേശം നൽകാറുള്ളത്.

സംസ്ഥാനത്തെ പാർട്ടി ഗ്രാമങ്ങൾ

65 [70] ശ്രീ. ജോർജ് ജെ. മാത്യു:

" കെ. അച്ചുതൻ:

" എം. മുരളി:

ശ്രീമതി രാധാ രാഘവൻ:

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ പാർട്ടി ഗ്രാമങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിൽ;

(ബി) ഈ ജില്ലകളിൽ എത്ര പാർട്ടി ഗ്രാമങ്ങളുണ്ട്;

(സി) ഈ പാർട്ടി ഗ്രാമങ്ങളിൽ നിന്ന് ഇറക്കിവിടപ്പെട്ടവരോ പേടിച്ച് ഓടിയവരോ ആയ ആളുകളുടെ വസ്തുവകകൾ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്ത് പാർട്ടി ഗ്രാമങ്ങൾ നിലവിലുള്ളതായി അറിവില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

മയക്കുമരുന്ന് കേസുകൾക്ക് ഫാസ്റ്റ്ട്രാക്ക് കോടതികൾ

66 [71] പ്രൊഫ. സാവിത്രി ലക്ഷ്മണൻ:

ശ്രീ. കെ. അച്ചുതൻ:

" എം. മുരളി:

ശ്രീമതി രാധാരാഘവൻ:

ശ്രീ. വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്ന് കേസ് പിടിച്ചാൽ അത് കോടതിയിൽ ചാർജ്ജ് ചെയ്യുന്നതിനും കോടതി മുൻപാകെ കേസ് കേൾക്കുന്നതിനും എന്ത് താമസമുണ്ടാകാറുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly